entri

# Current affairs 06 Jan 2026

- **ഇന്ത്യയിലെ ആദ്യത്തെ വന്ദേ ഭാരത് സ്ലീപ്പർ ട്രെയിൻ സർവീസ് ആരംഭിക്കുന്ന റൂട്ട്**
  ഗുവാഹത്തി-കൊൽക്കത്ത

---

- **പെരുമ്പടവം ശ്രീധരൻ അദ്ധ്യക്ഷനായ മലയാറ്റൂർ ഫൗണ്ടേഷന്റെ പ്രഥമ സമഗ്ര സംഭാവന പുരസ്കാരത്തിന് അർഹയായത്**
  അരുന്ധതി റോയ്

---

- **കേരള രാഷ്ട്രീയ ചരിത്രത്തിൽ ക്രിമിനൽ കേസിൽ ശിക്ഷിക്കപ്പെട്ട് സ്ഥാനം നഷ്ടമാവുന്ന ആദ്യത്തെ എംഎൽഎ**
  ആന്റണി രാജു
  - തൊണ്ടിമുതലിൽ കൃത്രിമം കാട്ടിയെന്ന കേസിൽ കോടതി മൂന്നു വർഷം തടവിന് ശിക്ഷിച്ചതിനെ തുടർന്നാണ് ആന്റണി രാജു അയോഗ്യനാക്കപ്പെട്ടത്.
  - തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ നിന്നുള്ള എംഎൽഎ ആയിരുന്നു ആന്റണി രാജു.

---

- **ഇന്ത്യ തദ്ദേശീയമായി രൂപകൽപ്പന ചെയ്ത് നിർമ്മിച്ച ആദ്യത്തെ മലിനീകരണ നിയന്ത്രണ കപ്പൽ**
  ഐസിജിഎസ് സമുദ്ര പ്രതാപ്
  - ഗോവ ഷിപ്പ്യാർഡ് ലിമിറ്റഡ് (ജിഎസ്എൽ) നിർമ്മിച്ച രണ്ട് മലിനീകരണ നിയന്ത്രണ കപ്പലുകളിൽ ആദ്യത്തേതാണ് ഇന്ത്യൻ കോസ്റ്റ് ഗാർഡ് കപ്പൽ (ഐസിജിഎസ്) 'സമുദ്ര പ്രതാപ്'.
  - ഐസിജിഎസ് സമുദ്ര പ്രതാപ് ഇന്ത്യയിലെ ആദ്യത്തെ തദ്ദേശീയമായി രൂപകൽപ്പന ചെയ്ത മലിനീകരണ നിയന്ത്രണ കപ്പലും ഇന്നുവരെയുള്ള ഐസിജി കപ്പലിലെ ഏറ്റവും വലിയ കപ്പലുമാണ്.

---

- **മാലിന്യം കലർന്ന വെള്ളം കുടിച്ചത് മൂലം പതിനഞ്ചിലേറെപ്പേർക്ക് ജീവൻ നഷ്ടമായ മധ്യപ്രദേശ് നഗരം**
  ഇൻഡോർ




അരുന്ധതി റോയ്


ആന്റണി രാജു




4.8 ★ Download the app now | Learn in Malayalam